**പതിമൂന്നാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4134 — 03.02.2014-ൽ മറുപടിയ്ക്ക്

## കല്ല്യാശ്ശേരി ചെറുതാഴം പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തം കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി. വി. രാജേഷ്** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ ആരോഗ്യ വകുപ്പിനുകീഴിലുള്ള പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും കെട്ടിടത്തിന്റെ പ്രവൃത്തി ഉടൻ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ ? | (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ ആരോഗ്യവകുപ്പിനുകീഴിലുള്ള പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് ചെറുതാഴം വില്ലേജ് റീസർവ്വേ നം. 686/1 ൽ പ്പെട്ട 75 സെന്റ് സ്ഥലം ആരോഗ്യ വകുപ്പിന്റെ പേരിൽ റിലിംകിഷ് ചെയ്ത് ലഭിച്ചിട്ടില്ല. പ്രസ്തുത സ്ഥലത്ത് സ്ഥിരം കെട്ടിടം പണിയുന്നതിനായി 455 ലക്ഷം രൂപ അടങ്കൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തികൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. സ.ഉ(സാധാ)നം.3600/ 2013/ആ.കു.വ/തീയതി.25/10/2013). സമയബന്ധിതമായ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ഭൂമി റിലിംകിഷ് മെന്റ് അടിയന്തിരമായി പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്ത് നൽകുവാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് ജില്ലയിലെ റവന്യൂ വകുപ്പ് അധികാരികളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഭൂമി കൈമാറി കിട്ടിയാൽ ഉടൻ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് കെട്ടിടം പണി പൂർത്തിയാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ